**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. എൻ . ഷംസുദ്ദീൻ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതചാർജ്ജ് ഇനത്തിലും സ്വകാര്യ കമ്പനികളുടെ കേബിൾ വലിക്കുന്ന ഇനത്തിലും വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശിക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.എൽ സാധാരണ ഗതിയിൽ വൈദ്യുതി കുടിശ്ശികയുള്ള, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും, ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നല്കുകയും ചെയ്താണ് കുടിശ്ശിക ഈടാക്കിവരുന്നത് . കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശ പ്രകാരം, ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും, ചെയ്തിരുന്നു. മേൽപറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇതിനു ശേഷം, കോവിഡ് വ്യാപനം രൂക്ഷമായ രണ്ടാം ഘട്ടത്തിലും, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൂലം, വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തിനെ തുടർന്ന് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, തവണകൾ അനുവദിക്കുകയും, 30 സെപ്റ്റംബർ 2021 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം കോവിഡ് മഹാമാരിയും ലോക്ക്ഡൗണും കണക്കിലെടുത്ത് കേബിൾ ടി വി ഓപ്പറേറ്റർമാർക്ക് 2021-22 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ (April 2021 to June 2021) വൈദ്യുതി പോസ്റ്റുകളുടെ വാടക അടയ്ക്കുന്നതിനു പലിശ കൂടാതെ 31.08.2021 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാവുകയും, കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക സ്ഥിതി അതീവഗുരുതരമായ സാഹചര്യത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുന്നതിനുള്ള വാടക 01/04/2021 മുതൽ ഗവണ്മെന്റ് പുനർ നിർണയിച്ചപ്പോൾ (കുറച്ചപ്പോൾ), നിലവിലുള്ള എല്ലാ കുടിശികയും തീർത്ത കേബിൾ ടി വി ഓപ്പറേറ്റർമാരുമായി മാത്രം പുതുക്കിയ എഗ്രിമെന്റ് വയ്ക്കാനുള്ള നിർദേശം എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകിയിരുന്നു. ഇതിന്റെ ഭാഗമായി കുടിശ്ശിക തുക ഒരു പരിധി വരെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ദീർഘകാലമായുള്ള കുടിശ്ശിക തീർക്കുന്നതിനായി സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയർ അധ്യക്ഷനായി കമ്മിറ്റി രൂപീകരിക്കുകയും കുടിശ്ശികയുള്ള ഓരോ കേസും നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി പരിഹരിക്കാനായി പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നിരുന്നാലും കോവിഡിന്റെ ഭാഗമായി പോസ്റ്റ് വാടക തവണകളായി അടയ്ക്കുന്നതിന് നൽകിയതുൾപ്പെടെയുള്ള കുടിശ്ശിക തുക 38.52 കോടി രൂപയായിട്ടുണ്ട്. |
| (ബി) | ബോർഡിന്റെ ബാധ്യതകൾ തീർക്കുന്നതിനായി വർഷങ്ങളായുള്ള കുടിശിക പിരിച്ചെടുക്കുന്ന നടപടി യാഥാർത്ഥ്യമാക്കുന്നതിന് പകരം വൈദ്യുതചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45,62,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിലല്ല വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേയ്ക്കുള്ള കമ്പനിയുടെ പ്രതീക്ഷിത ചിലവും |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിത വരവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി ലിമിറ്റഡിൽ അനുവർത്തിച്ച് വരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വിഭിന്നമായി ബിൽ ചെയ്യപ്പെടുന്ന തുക മുഴുവൻ വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിംഗ് സമ്പ്രദായം ആയതിനാൽ പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ നികത്താനുള്ള റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ കണക്കാക്കി എടുക്കുന്ന മുഴുവൻ ചിലവുകളും വരും വർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന് നിലവിലുള്ള നിരക്കിൽ കണക്കാക്കി എടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായി പരിഗണിക്കുന്നത്. ഇപ്രകാരം മൊത്ത വരുമാനം കണക്കാക്കുമ്പോൾ വില്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയും കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭ്യമാകുന്ന തുകയാണ് പരിഗണിക്കുന്നത്. |
| (സി) | വൈദ്യുതചാർജ്ജ് വർദ്ധനവിൽ നിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ നിലവിലുള്ള വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ ഒരു പെറ്റീഷൻ 10.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ, ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള ശുപാർശകളാണ് നൽകിയിട്ടുള്ളത്. നിരക്ക് വർദ്ധനവിന്റെ കാര്യത്തിൽ പൊതുജനാഭിപ്രായം തേടിയതിനു ശേഷം മാത്രമേ (പൊതു തെളിവെടുപ്പുൾപ്പെടെ) വർദ്ധനവിന്റെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. എല്ലാ വിഭാഗം കൺസ്യൂമർമാരെയും കമ്മീഷൻ പൊതു ഹിയറിംഗിൽ കേട്ട ശേഷമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. അടുത്ത 5 വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ ശുപാർശകളാണ് നൽകിയിട്ടുള്ളത്. ഇക്കാലയളവിലെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചിലവിനങ്ങളിലുള്ള പ്രതീക്ഷിത വർദ്ധനവ്, |

| | | | |
|---|---|---|---|
| | | | പണപ്പെരുപ്പം, വികസന പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട മൂലധന നിക്ഷേപം മുതലായവയ്ക്ക് വേണ്ടി കെ.എസ്.ഇ.ബി ലിമിറ്റഡിനുള്ള ഏകവരുമാനം വൈദ്യുതി ചാർജ്ജിലൂടെയാണ് ലഭ്യമാക്കുന്നത്. നിലവിലുള്ള സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കളെ മാത്രം ഒഴിവാക്കിയുള്ള പരിഷ്കരണം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മൂലധന നിക്ഷേപത്തെയും സേവനങ്ങളെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം ഒഴിവാക്കുന്നത് ഉചിതമല്ല. എന്നാൽ നിരക്ക് വർദ്ധനവ് പ്രാബല്യത്തിൽ ആയാൽ തന്നെ നിലവിൽ ഗാർഹിക ഉപഭോക്താ-ക്കൾക്ക് നൽകി വരുന്ന ഗവൺമെന്റ് സബ്സിഡി നിലനിർത്തി അധിക ഭാരം ലഘൂകരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ